Score

1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (8×1=8)

1. മായം ചേർത്ത സാധനങ്ങൾ വിൽക്കുന്നത് ബിസിനസിന്റെ ______________ ഉത്തരവാദിത്തത്തിന് എതിരാണ്.
   a) നിയമപരം
   b) സാമ്പത്തികപരം
   c) വിവേചനപരം
   d) ധാർമികം

2. ഒരാൾക്ക് ഒരു വോട്ട് എന്നത് ഏത് ബിസിനസിന്റെ അടിസ്ഥാന തത്വമാണ് ?
   a) പങ്കാളിത്ത ബിസിനസ്
   b) സഹകരണ സ്ഥാപനം
   c) ഏകാങ്ക വ്യാപാരം
   d) ജോയിന്റ് സ്റ്റോക്ക് കമ്പനി

3. കമ്പനിയുടെ ലക്ഷ്യങ്ങൾ വ്യക്തമാക്കിയിരിക്കുന്ന പ്രമാണമാണ് ______________
   a) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ
   b) പട്ടിക. എ.
   c) പ്രോസ്പെക്ടസ്
   d) ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ

4. താഴെ പറയുന്നവയിൽ നിന്നും സാമ്പത്തികത്തിന്റെ ആന്തരിക സ്രോതസ്സുകൾ തിരിച്ചറിയുക.
   a) ടേം ലോണുകൾ
   b) പൊതു നിക്ഷേപങ്ങൾ
   c) കടപ്പത്രങ്ങൾ
   d) നീക്കിവെക്കപ്പെട്ട സമ്പാദ്യം

5. ഇൻഡ്യൻ റെയിൽവേ താഴെ പറയുന്നവയിൽ ______________ ന് ഉദാഹരണമാണ്.
   a) ഗവൺമെന്റ് കമ്പനി
   b) പൊതു കോർപ്പറേഷനുകൾ
   c) വകുപ്പുതല സംരംഭങ്ങൾ
   d) ഏകാങ്ക വ്യാപാരം

6. ഒരു കമ്പനിയുടെ മൂലധനം തുല്യ ഭാഗങ്ങളുള്ള പല യൂണിറ്റുകളായി വിഭജിച്ചിരിക്കുന്നു. അത്തരം ഓരോ യൂണിറ്റിനേയും വിളിക്കുന്നത് ______________
   a) കടപത്രം
   b) പലിശ
   c) ഓഹരി
   d) ലാഭവിഹിതം

Score

7. സംഭരണ ശാലകൾ ______________ ഉപയുക്തതയാണ് നൽകുന്നത്.

a) പണം
b) സ്ഥലം
c) അറിവ്
d) സമയം

8. ഇൻഷുറൻസ് പോളിസി എടുക്കുന്ന ആളാണ് ______________

a) ഇൻഷുവേർഡ്
b) ഇൻഷുറർ
c) ഇൻഷുറൻസ് കമ്പനി
d) ദല്ലാൾ

9. ഒരു ഉപഭോക്താവ് ഓൺലൈനിലൂടെ മൊബൈൽ ഫോൺ വാങ്ങുന്നത് ഇ-കോമേഴ്സിലെ ______________ മോഡലിന് ഉദാഹരണമാണ്.

a) Intra B
b) B2G
c) B2C
d) C2C

10. ഒരു കമ്പനി രൂപീകരിക്കുന്നതിനുവേണ്ടി മുൻകൈയ്യെടുക്കുന്ന വ്യക്തിയുടെ പേര്

a) പ്രൊമോട്ടർ
b) ഉടമസ്ഥൻ
c) അംഗം
d) ഓഹരിയുടമ

**11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (5×2=10)**

11. സ്വകാര്യ കമ്പനികൾക്കുള്ള ഏതെങ്കിലും രണ്ട് വിശേഷാധികാരങ്ങൾ പ്രസ്താവിക്കുക.

12. പൊതുസ്വകാര്യ പങ്കാളിത്തം എന്നാൽ എന്ത് എന്ന് വിശദീകരിക്കുക.

13. താഴെ പറയുന്ന ഇൻഷുറൻസ് തത്വങ്ങൾ വിശദീകരിക്കുക.

a) പരമമായ ഉത്തമ വിശ്വാസം
b) നഷ്ടത്തിനുള്ള ഉത്തരവാദിത്വം.

Score

14. ഇ-ബിസിനസ്സ് ഇടപാടുകളിൽ ഉപയോഗിക്കുന്ന ഏതെങ്കിലും രണ്ട് പണമിടപാട് രീതികൾ എഴുതുക.

15. ഒരു കമ്പനരൂപീകരിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ഏതൊക്കെയാണ് എന്ന് എഴുതുക.

16. കമ്പനി രജിസ്ട്രേഷൻ പ്രമാണത്തിന്റെ അർത്ഥം വിശദമാക്കുക.

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5×3=15)**

17. ഗവൺമെന്റ് (സർക്കാർ) കമ്പനികളുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക.

18. ബിസിനസ്സിന്റെ വളർച്ചയ്ക്ക് തപാൽ വകുപ്പ് നൽകി വരുന്ന സേവനങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക. (3 എണ്ണം).

19. ബിസിനസ്സ് ധാർമ്മികതയുടെ ഏതെങ്കിലും മൂന്ന് ഘടകങ്ങൾ വിശദീകരിക്കുക.

20. ചുവടെ ചേർത്തിട്ടുള്ളവ ചുരുക്കി വിശദീകരിക്കുക.

a) വായു മലിനീകരണം

b) ജല മലിനീകരണം

c) മണ്ണ് മലിനീകരണം

21. സാധാരണ ഓഹരികളുടെ മൂന്ന് ഗുണങ്ങൾ എഴുതുക.

22. താഴെ തന്നിട്ടുള്ളവയെ ഉടമസ്ഥതാ മൂലധനം എന്നും വായ്പാ മൂലധനം എന്നും തരം തിരിക്കുക.

a) കടപ്പത്രങ്ങൾ

b) പൊതുനിക്ഷേപങ്ങൾ

c) ലീസ് ഫിനാൻസിംഗ് (പാട്ടക്കരാർ)

d) നീക്കിവയ്ക്കപ്പെട്ട സമ്പാദ്യം

e) സാധാരണ ഓഹരികൾ

f) മുൻഗണനാ ഓഹരികൾ

Score

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**4 സ്കോർ വീതം.** (4×4=16)

23. വിവിധതരം വ്യവസായങ്ങൾ ഏതെല്ലാം ?

24. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| a) സർക്കാരിനോടുള്ള ഉത്തരവാദിത്തം | i) നിക്ഷേപത്തിൽ ആദായം |
| b) ഉടമകളോടുള്ള ഉത്തരവാദിത്തം | ii) ന്യായമായ കൂലി |
| c) ഉപഭോക്താക്കളോടുള്ള ഉത്തരവാദിത്തം | iii) നികുതി അടയ്ക്കൽ |
| d) ജീവനക്കാരോടുള്ള ഉത്തരവാദിത്തം | iv) ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ |

25. ബഹുരാഷ്ട്ര കമ്പനികൾ എന്നാലെന്ത് ? അതിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ വിവരിക്കുക.

26. സേവനങ്ങൾ എന്നാലെന്താണ് ? അവയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ വിശദീകരിക്കുക.

27. ഏകാങ്കവ്യാപാരം എന്നാൽ എന്ത് ? അതിന്റെ മൂന്ന് ഗുണങ്ങൾ വിശദീകരിക്കുക.

**28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.** (3×5=15)

**5 സ്കോർ വീതം.**

28. a) ബിസിനസ്സ് എന്ന ആശയം വിശദീകരിക്കുക.

b) ബിസിനസിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ വിശദീകരിക്കുക.

29. ബിസിനസിന് അനുയോജ്യമായ രൂപം തെരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക. (5 എണ്ണം).

**Score**

30. ഇ-ബിസിനസും പരമ്പരാഗത ബിസിനസും തമ്മിലുള്ള ഏതെങ്കിലും അഞ്ച് വ്യത്യാസങ്ങൾ എഴുതുക.

31. താഴെ പറയുന്നവയെ ചുരുക്കി വിശദീകരിക്കുക.

a) ഫാക്ടറിംഗ്

b) ലീസ് ഫിനാസിംഗ് (പാട്ടക്കരാർ)

**32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

32. പങ്കാളിത്ത ബിസിനസിന്റെ ഗുണങ്ങളും ദോഷങ്ങളും വിശദീകരിക്കുക. (4 പോയിന്റ് വീതം).

33. വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ ഉദാഹരണ സഹിതം വിശദീകരിക്കുക.

34. മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ എന്നാൽ എന്ത് ? ഇതിന്റെ വിവിധ വകുപ്പുകൾ ചുരുക്കി വിശദീകരിക്കുക.